"ഭരണഭാഷ – മാതൃഭാഷ"

**ലീഗൽ മെട്രോളജി കൺട്രോളറുടെ കാര്യാലയം**
**ലീഗൽ മെട്രോളജി ഭവൻ, വൃന്ദാവൻ ഗാർഡൻസ്, പട്ടം പാലസ് പി.ഒ,**
**തിരുവനന്തപുരം - 695004**

**ഫോൺ :** 04712303821 **ഇ-മെയിൽ :** clm.lmd@kerala.gov.in
**ഫാക്സ് :** 04712305996 **വെബ്സൈറ്റ് :** www.lmd.kerala.gov.in

| | |
|---|---|
| **നമ്പർ :** LMD-HQ/556/2022-B3 | **തീയതി :** 23-07-2024 |

## സർക്കുലർ നമ്പർ - 10/2024

വിഷയം:- 2024 പൊതുസ്ഥലംമാറ്റം – ജീവനക്കാരുടെ അപേക്ഷ ക്ഷണിക്കുന്നത്, മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – എന്നിവ സംബന്ധിച്ച്

സൂചന:- 1. സ.ഉ(പി) നമ്പർ.3/2017/ഉ.ഭ.പ.വ., തീയതി - 25.02.2017.

2. സ.ഉ(സാധാ) നമ്പർ .155/2021/ഉ.ഭ.പ.വ., തീയതി - 21.10.2021.

3. ലീഗൽ മെട്രോളജി കൺട്രോളറുടെ 02.06.2024 ലെ 06/2024 നമ്പർ സർക്കുലർ.

സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവനുസരിച്ച് ജീവനക്കാരുടെ ഒരു ഇലക്ട്രോണിക് ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, സ്ഥലംമാറ്റത്തിന്റെയും നിയമനത്തിന്റെയും നടപടികൾ ഓൺലൈൻ സമ്പ്രദായത്തിൽ കൂടി നടത്തേണ്ടതുമാണെന്ന് നിർദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ 2024 വർഷത്തെ പൊതുസ്ഥംമാറ്റത്തിനായി സൂചന (3) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർവീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഓൺലൈൻ ട്രാൻസ്ഫറിന്റെ മാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (3) സർക്കുലർ റദ്ദ് ചെയ്തിരിക്കുന്നു. കൂടാതെ ലീഗൽ മെട്രോളജി വകുപ്പിലെ ജീവനക്കാരുടെ 2024 വർഷത്തെ പൊതുസ്ഥലമാറ്റത്തിനായി ചർച്ചയിൽ തീരുമാനിച്ചത് പ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തി താഴെപ്പറയുന്ന തസ്തികകളിലെ ജീവനക്കാരിൽ നിന്നും ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

1. അസിസ്റ്റൻറ് കൺട്രോളർ
2. ഇൻസ്പെക്ടർ
3. ജൂനിയർ സൂപ്രണ്ട്
4. ഹെഡ് ക്ലർക്ക്
5. ക്ലർക്ക്/സീനിയർ ക്ലർക്ക്

6. ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്
7. ഡ്രൈവർ

**അപേക്ഷകൾ ലഭ്യമാക്കുന്നതിനുള്ള സമയക്രമം ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| 1 | ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി | 02.08.2024 |
| 2 | ജില്ലാ ഓഫീസുകളിൽ നിന്നും വകുപ്പ തലവന്റെ ഓഫീസിലേക്ക് അപേക്ഷകൾ സമർപ്പിക്കേണ്ട തീയതി | 08.08.2024 |
| 3 | കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി | 14.08.2024 |
| 4 | കരടിന്മേൽ ആക്ഷേപം സ്വീകരിക്കുന്ന അവസാന തീയതി | 22.08.2024 |
| 5 | അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 31.08.2024 |

- അപേക്ഷകൾ **www.spark.gov.in** ൽ Individual login വഴി **Service Matters - Online Transfer Processing - Application for general transfer** - മുഖേന സമർപ്പിക്കാവുന്നതാണ്.
- ഓൺലൈൻ ട്രാൻസ്ഫറിനായി ഓഫീസുകളെ അവയുടെ അധികാരപരിധിയുടെ അടിസ്ഥാനത്തിലാണ് പ്രത്യേക സ്റ്റേഷനായി കണക്കാക്കുന്നത്. എന്നാൽ ഡെപ്യൂട്ടി കൺട്രോളർ (ജനറൽ) ഓഫീസിന്റെയും ഡെപ്യൂട്ടി കൺട്രോളർ (ഫ്ലയിംഗ് സ്ക്വാഡ്) ഓഫീസിന്റെയും അധികാരപരിധി ഒന്നുതന്നെ ആയതിനാൽ (റവന്യൂ ജില്ല) ഈ രണ്ട് ഓഫീസുകളെയും ഒരു സ്റ്റേഷനായിട്ടായിരിക്കും പരിഗണിക്കുക (സ്റ്റേഷൻ എന്നത് ജീവനക്കാരൻ അവസാനം ജോലി ചെയ്ത ഓഫീസ് എന്നല്ല സൂചിപ്പിക്കുന്നത്).

- 30.04.2024 ൽ ഒരു സ്റ്റേഷനിൽ മൂന്നു വർഷം തികയുന്ന ജീവനക്കാർക്കാണ് പൊതുസ്ഥലമാറ്റത്തിന് അപേക്ഷിക്കുന്നതിനായി അർഹതയുള്ളത്. എന്നിരുന്നാലും അപേക്ഷ സമർപ്പിക്കുന്നതിന് മിനിമം കാലയളവ് ഉണ്ടായിരിക്കുകയില്ല. എന്നാൽ മൂന്ന് വർഷ കാലയളവ് പൂർത്തീകരിക്കാത്ത അപേക്ഷകരെ, യാതൊരു അവകാശവാദികളും ഇല്ലാത്തതും ഏതെങ്കിലും നിർബന്ധിത സ്ഥലം മാറ്റം അനിവാര്യമല്ലാത്തതുമായ ഓപ്പൺ വേക്കൻസികളിലേക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.

- സ്ഥലംമാറ്റം ഒന്നാമതായി നടപ്പാക്കുന്നത് ഓപ്ഷന്റെ അടിസ്ഥാനത്തിലാണ്. ഓരോ വ്യക്തിക്കും മൂന്ന് ഓപ്ഷനുകൾ സൂചിപ്പിക്കാവുന്നതും ഈ മൂന്ന് ഓപ്ഷനുകൾക്കും സ്റ്റേഷൻ സീനിയോറിറ്റി മാത്രം മാനദണ്ഡമായിരിക്കുന്നതുമാണ്.
    - ഉദാഹരണത്തിന്- ഒരാൾ ഒരു പ്രത്യേക സ്റ്റേഷനെ മൂന്നാം ഓപ്ഷനായി ഓപ്റ്റ് ചെയ്യുകയാണെങ്കിൽ അയാളെ, ആ സ്റ്റേഷനെ ഒന്നാം ഓപ്ഷനോ രണ്ടാം

ഓപ്ഷനോ ആയി ഓപ്റ്റ് ചെയ്തവരും സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അയാളെക്കാൾ ജൂനിയറായവരുമായ മറ്റാളുകളേക്കാൾ മുൻഗണനയിൽ ആ സ്റ്റേഷനിലേക്ക് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതാണ്.

- ഒരു പ്രത്യേക സ്റ്റേഷനിലേയ്ക്ക് വളരെ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുൻഗണനാക്രമം ജീവനക്കാരൻറെ/ ജീവനക്കാരിയുടെ പരിഗണനയിലുള്ള അപേക്ഷയുടെ സമയത്തുള്ള സ്റ്റേഷനിലെ തുടർച്ചയായുള്ള ദൈർഘ്യം, സ്ഥലം മാറ്റത്തിനു വേണ്ടിയുള്ള മാനദണ്ഡമായിരിക്കുന്നതാണ്. കൂടാതെ ഒരു പ്രത്യേക സ്റ്റേഷന് പുറത്ത് ഏറ്റവും കൂടുതൽ സേവനദൈർഘ്യമുള്ള ജീവനക്കാർക്ക് ഒന്നാമതായി മുൻഗണന നൽകുന്നതാണ്. മറ്റ് കാര്യങ്ങളെല്ലാം തുല്യമാകുമ്പോൾ, സ്വന്തം സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റത്തിനുവേണ്ടി അപേക്ഷിക്കുന്ന വ്യക്തികളിൽ ആ സ്റ്റേഷനിൽ നിന്നും ഏറ്റവും അധികം ദൂരെ ജോലി ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിക്ക് മുൻഗണന നൽകുന്നതാണ്.
- അച്ചടക്ക നടപടി/ വിജിലൻസ് അന്വേഷണം, അനുകമ്പാർഹമായ കാരണങ്ങൾ എന്നിവയുടെ ഭാഗമായല്ലാതെ ഒരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കി എന്ന കാരണത്താൽ, ജീവനക്കാരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അല്ലാതെ സ്ഥലംമാറ്റുന്നതല്ല. എന്നിരുന്നാലും പ്രസ്തുത സ്റ്റേഷനിലേക്ക് അർഹതപ്പെട്ട അപേക്ഷകർ ഉണ്ടെങ്കിൽ സ്ഥലമാറ്റത്തിന് വിധേയരാകുന്നതായിരിക്കും.

- സ്ഥലംമാറ്റത്തിനായി പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമാണ് (പരിരക്ഷിക്കപ്പെട്ട/പ്രഥമഗണനീയ വിഭാഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു).

- അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി ജീവനക്കാരുടെ സർവ്വീസ് ഹിസ്റ്ററി ശരിയാണോ എന്നു ഡി ഡി ഒ പരിശോധിച്ചു ഉറപ്പാക്കേണ്ടതാണ്. സർവ്വീസ് ഹിസ്റ്ററി ശരിയായ ഓർഡറിൽ അല്ലെങ്കിലോ, സേവനവിവരങ്ങൾ ലോക്ക് ചെയ്തിട്ടില്ലെങ്കിലോ അപേക്ഷ ഫോർവേഡ് ചെയ്യുവാൻ സാധിക്കുന്നതല്ല. ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്താത്തത് മൂലം പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ കഴിയാതെ വരുകയോ അർഹമായ സ്ഥലംമാറ്റം ലഭിക്കാതെ വരുകയോ ചെയ്താൽ ബന്ധപ്പെട്ട ഡി.ഡി.ഒ യും അതാത് ജീവനക്കാരും മാത്രം ഉത്തരവാദികളായിരിക്കുന്നതും ഈ വിഷയത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതുമായിരിക്കും.
- മുൻഗണന/ പ്രത്യേക പരിഗണന അർഹിക്കുന്നവർ ആയതു സംബന്ധിച്ച അനുബന്ധരേഖകൾ ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് മുൻപായി സ്പാർക്കിൽ upload ചെയ്യേണ്ടതും ഹാർഡ് കോപ്പി ബന്ധപ്പെട്ട ഡി.ഡി.ഒ/നിയന്ത്രണാധികാരികൾക്ക് മുൻപാകെ സമർപ്പിക്കേണ്ടതുമാണ്. ഒരു സ്റ്റേഷനിൽ അഞ്ച് വർഷത്തെ സംരക്ഷണം ക്ലെയിം ചെയ്യുന്നതിന് അർഹതയുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകളുടെ ശരിപകർപ്പുകൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് മുൻപായി സ്പാർക്കിൽ upload ചെയ്യേണ്ടതും ഡി.ഡി.ഒ/

നിയന്ത്രണാധികാരികൾക്ക് മുൻപാകെ സമർപ്പിക്കേണ്ടതുമാണ്. സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് (Service Matters – Priority Categories for Transfer – Submit Proof of Priority Categories)

- അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം ആവശ്യമുള്ളവർ ബന്ധപ്പെട്ട രേഖകൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് മുൻപായി ഡി.ഡി.ഒ/നിയന്ത്രണാധികാരികൾക്ക് മുൻപാകെ സമർപ്പിക്കേണ്ടതാണ്. അനുകമ്പാർഹമായ കാരണങ്ങൾ എന്നത് ഗുരുതരമായി ഏതെങ്കിലും അസുഖമോ/ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റിവയ്ക്കലിനു വിധേയരായവർ), അപകടംമൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും, ആയതുമൂലം ഒരു ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടി വരുക, വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലായെന്നു മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തുക. ജീവനക്കാരന്റെ ഭാര്യ/ഭർത്താവ് –ന് ഗുരുതരമായ രോഗം പിടിപെടുന്നതോ, ജീവനക്കാരനെ പൂർണ്ണമായി ആശ്രയിച്ചു കഴിയുന്നതുമായ മകനോ/മകൾക്കോ, മാതാവിനോ/പിതാവിനോ, ജീവനക്കാരന്റെ/ ജീവനക്കാരിയുടെ സാന്നിധ്യവും പരിചരണവും ആത്യന്താപേക്ഷിതമാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാക്ഷ്യപ്പെടുത്തുക എന്നിവയാണ്.
- മുൻഗണന/ പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള നിശ്ചിത ഒഴിവുകളിലേക്ക് ഒഴികെ എല്ലാ സ്ഥലമാറ്റങ്ങൾക്കും സേവനകാല ദൈർഘ്യം മാത്രമായിരിക്കും പരിഗണിക്കുക.
- പരസ്പരമാറ്റത്തിനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർ/അച്ചടക്ക നടപടി നേരിടുന്നവർ/ ആറുമാസത്തിൽ കൂടുതൽ ശൂന്യവേതനാവധിയിൽ ഉള്ളവർ എന്നിവരെ പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കുകയില്ല.
- ഡെപ്യൂട്ടേഷൻ കാലയളവ് സ്ഥലമാറ്റത്തിനു വേണ്ടി അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല.
- അപേക്ഷ സമർപ്പിക്കുന്നതു മുതൽ സ്ഥലമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ മുഖേന ആയിരിക്കും. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവാദമുള്ളൂ.
- ഓൺലൈനിലൂടെ അല്ലാത്ത സ്ഥലമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ജീവനക്കാർ സമർപ്പിച്ച അപേക്ഷയുടെ സ്റ്റാറ്റസ് Service Matters – Online Transfer Processing – Application for General Transfer – View Application Status – View Transfer Request മുഖേന അറിയാവുന്നതാണ്.
- അപേക്ഷ സമർപ്പിച്ചു കഴിയുമ്പോൾ ഒരു ആപ്ലിക്കേഷൻ നമ്പർ ലഭിക്കുന്നതും അപേക്ഷ ഫോം പ്രിന്റ് എടുക്കാവുന്നതുമാണ്. പ്രിന്റ് എടുക്കുന്ന അപേക്ഷാഫോറത്തിൽ ആപ്ലിക്കേഷൻ നമ്പർ ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- അപേക്ഷകർ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷ ഫാറത്തിന്റെ ഒരു പ്രിന്റ് എടുത്ത്

സത്യവാങ്മൂലം ഒപ്പിട്ട് അപേക്ഷയുടെ ഒരു ഹാർഡ് കോപ്പി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് മുമ്പ് അതാത് ഡി.ഡി.ഒ-ക്ക് സമർപ്പിക്കേണ്ടതാണ്. ഹാർഡ് കോപ്പി സമർപ്പിക്കാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

- കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ 2024 വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് ബാധകമാണ്.
- ഓൺലൈൻ മുഖേന ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്തതിനുശേഷം സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാരുടെ കരട് സ്ഥലമാറ്റ പട്ടിക ലീഗൽ മെട്രോളജി വകുപ്പിന്റെ www.lmd.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
- കരട് ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരെ ഏതെങ്കിലും കാരണവശാൽ അന്തിമ ലിസ്ററിൽ നിന്നും ഒഴിവാക്കുന്നതിനോ/ അനുവദിക്കപ്പെട്ട സ്റ്റേഷനിൽ മാറ്റം വരുത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ടി ജീവനക്കാർക്ക് അറിയിപ്പുനൽകുകയും അവരുടെ ആക്ഷേപം പരിശോധിക്കുകയും ചെയ്യുന്നതാണ്.

<u>ഈ ആഫീസിലെ 12.06.2024 ലെ LMD/HQ-465/2024/B1 നം. ഉത്തരവ് പ്രകാരം വകുപ്പിലെ ക്ലർക്ക് /സീനിയർ ക്ലർക്ക് തസ്തികകൾ പുനഃക്രമീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഓഫീസുകളിലേക്ക് മാത്രമേ സീനിയർ ക്ലർക്കുമാർക്ക് ട്രാൻസ്ഫർ അപേക്ഷ സമർപ്പിക്കാനാവൂ അല്ലാത്തപക്ഷം അപേക്ഷ പരിഗണിക്കുന്നതല്ല.</u>

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൻറെ 25.02.2017 ലെ സ.ഉ(പി) നമ്പർ.3/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും സ്ഥലംമാറ്റം അനുവദിക്കുക. മുകളിൽ പരാമർശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കൂടാതെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി ജീവനക്കാർക്ക് ഈ ഉത്തരവ് റഫർ ചെയ്യാവുന്നതാണ്. കൂടാതെ 2024 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷകൾ സമയക്രമം പാലിച്ച് സമർപ്പിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Signed by
V.k. Abdul Kader
Date: 23-07-2024 11:08:39

കൺട്രോളർ
ലീഗൽ മെട്രോളജി

എല്ലാ ജീവനക്കാർക്കും

പകർപ്പ്: 1. എല്ലാ ജോയിന്റ് കൺട്രോളർക്കും/ഡെപ്യൂട്ടി കൺട്രോളർമാർക്കും. (ബന്ധപ്പെട്ട DDO മാർ സർക്കുലറിന്റെ പകർപ്പ് ജീവനക്കാർക്ക് സർക്കുലേറ്റ് ചെയ്യുന്നുറപ്പുവരുത്തേണ്ടതാണ്)

2. IT സീറ്റിന് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

3. ADC, AO, LO, FO, DC(HQ), SS-Accounts & Audit, JS-1 & 2, HC, CA, B3 എന്നിവരുടെ സ്റ്റോക്ക് ഫയലിലേക്ക്

4. നോട്ടീസ് ബോർഡ്/ഫയൽ